ഉത്തരം

(എ) 31-3-2014 വരെ കളക്ടർമാരിൽനിന്നും ഫണ്ട് അനുവദിക്കാനായി ലഭിച്ച ശിപാർശകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിനുശേഷം ജില്ലാ കളക്ടർമാരിൽനിന്നും ലഭിച്ച ശിപാർശകൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ബി) വയനാട് ജില്ലയിൽ 8 പേർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ബാക്കി അപേക്ഷകരുടെ പ്രൊപ്പോസൽ കളക്ടറേറ്റിൽ നിന്നും ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത ഇനത്തിൽ വയനാട് ജില്ലയിൽ 2,60,000 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. താലൂക്ക് തലങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

32 (T7329) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഗ്രാമവികസന വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ബി) 2014-15 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ചുവരുന്നു.

നീർത്തട പരിപാലന പദ്ധതികൾ

33 (7330) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കുന്ന നീർത്തട പരിപാലന പദ്ധതികൾ ഏതൊക്കെയാണെന്നും ഇവ ഏതൊക്കെ ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ ; പദ്ധതി നിർവ്വഹണത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നീർത്തട പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസിക്കാണ് ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(ഡി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇവ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിൽ ഇപ്പോൾ ഗ്രാമവികസന വകുപ്പ് മുഖാന്തിരം സംയോജിത നീർത്തട പരിപാലന പരാപാടി (IWMP) യാണ് നടപ്പിലാക്കി വരുന്നത്. IWMP നടപ്പിലാക്കിവരുന്ന ബ്ലോക്കുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.* പദ്ധതി നിർവ്വഹണം സുഗമമായി നടത്തുന്നതിന് സംസ്ഥാന സർക്കാർ താഴെപ്പറയുന്ന മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സംയോജിത നീർത്തട പരിപാലന പരിപാടി പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ.
2. സംയോജിത നീർത്തട പരിപാലന പരിപാടി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ.
3. ദരിദ്രകുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ.
4. ഉല്പാദന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖ.
5. പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ.

(ബി) പദ്ധതി നിർവ്വഹണം ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനുള്ള വിശദപദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷനുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സർക്കാരിൽനിന്നും 29.59 കോടി രൂപ ലഭിച്ചതിൽ 20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലെ കണക്ക് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി & ഇ) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തിന്റെ അഭാവം പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നു. അനുബന്ധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 23-5-2014-ൽ ചേർന്ന (SLNA) യോഗം തീരുമാനമെടുക്കുകയും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ കത്തിന്മേൽ നടപടി

34 (7331) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർക്ക് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ 5-3-2014-ലെ, 18399/ഡി1/13/എസ്ജെഡി. നമ്പർ പ്രകാരമുള്ള കത്ത് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് നടപടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗപരിമിതരായ ജീവനക്കാർക്ക് ഒഴിവുകൾ സംവരണം ചെയ്യുന്നതിലേക്കായി വകുപ്പിൽ നിലവിലുള്ള അംഗപരിമിതരുടെ വിവരമാണ് പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടിരുന്നത്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ വികലാംഗരായ ജീവനക്കാരുടെ വിവരം ക്രോഡീകരിച്ച് നിർദ്ദിഷ്ട ഫോർമാറ്റിൽ സാമൂഹ്യനീതി വകുപ്പിന് നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(സി) ബാധകമല്ല.

ക്ഷീരകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

35 (7332) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകർക്ക് ക്ഷീരവികസനവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly